# വചന വിചിന്തനം

## മൂശക്കാലം രണ്ടാം ഞായർ

ലൂക്കാ 8,41-56

19/10/2014

"സൗഖ്യത്തിന്റെ മാനദണ്ഡം സ്പർശനമല്ല; വിശ്വാസമാണ്."

"സൗഖ്യത്തിന്റെ മാനദണ്ഡം സ്പർശനമല്ല; വിശ്വാസമാണ്" ഇതാണ് ഇന്നത്തെ വചനഭാഗത്തിലൂടെ ക്രിസ്തു പഠിപ്പിച്ച് തരുന്നത്. ഈശോ ജായ്റോസിന്റെ മകൾക്ക് സൗഖ്യം സമ്മാനിക്കാൻ തിടുക്കത്തിൽ അവന്റെ വീട്ടിലേയ്ക്ക് പോകുന്നു. ജായ്റോസ് സിനഗോഗധികാരിയാണ്. സമൂഹത്തിൽ പേരും പെരുമയുമുള്ളവൻ. അതുകൊണ്ടു ത്തന്നെ ഒരുപാട് പേർ അവരെ അനുഗമിക്കുന്നുണ്ട്. ജനങ്ങൾ ചുറ്റിലും തിക്കും തിരക്കും കൂട്ടികൊണ്ടിരിക്കുന്നു. ഈ സമയത്താണ് പന്ത്രണ്ട് വർഷമായി രക്തസ്രാവം മൂലം ഏറെ കഷ്ടപ്പെട്ടിരുന്ന ഒരു സ്ത്രീ വന്ന് അവന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ സ്പർശിക്കുന്നതും സൗഖ്യം സ്വന്തമാക്കുന്നതും.

പുറകിൽ നിന്നു നമ്മുടെ വസ്ത്രങ്ങളുടെ വിളുമ്പിൽ സ്പർശിക്കുന്നവർ നമ്മുടെ കുടുംബങ്ങളിലും സമൂഹങ്ങളിലും ഉണ്ടാകും. അവർ പറയാതെ തന്നെ അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനും സൗഖ്യം സമ്മാനിക്കാനും നമുക്ക് സാധിക്കണം...

തന്നിൽ നിന്ന് ശക്തി പുറപ്പെട്ടു എന്ന് മനസിലാക്കിയ ക്രിസ്തു തിരിഞ്ഞ് ചോദിക്കുന്നു, "ആരാണ് എന്നെ സ്പർശിച്ചത്?" ഇതിന് മറുപടി പറയുന്നത് പത്രോസാണ്, "കർത്താവേ, ജനങ്ങൾ നിനക്കുചുറ്റുംകൂടി തിക്കുന്നത് നീ കാണുന്നില്ലേ!" വീണ്ടും, ക്രിസ്തു തന്റെ ചോദ്യം ആവർത്തിക്കുകയാണ്, 'ആരാണ് എന്നെ വിശ്വാസത്തോടുകൂടി സ്പർശിച്ചത്?' മറച്ച് വയ്ക്കാൻ സാധിക്കില്ല എന്ന് തിരിച്ചറിഞ്ഞ സ്ത്രീ, വിറയലോടെ വന്ന്, അവന്റെ കാൽക്കൽ വീണ് തനിക്ക് സംഭവിച്ചതെല്ലാം ഏറ്റ് പറഞ്ഞു. ഇത് കേട്ട ക്രിസ്തു പറഞ്ഞു,

"മകളെ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തോടെ പോവുക."

ഇതിൽ നിന്ന് രണ്ട് കാര്യങ്ങൾ വ്യക്തമാണ്;

1. വിശ്വാസത്തോട് കൂടി ക്രിസ്തുവിനെ സ്പർശിച്ചാൽ മാത്രമെ സൗഖ്യം സ്വന്തമാക്കാൻ സാധിക്കു.

2. സമാധാനം വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും അരങ്ങേറാൻ വിശ്വാസത്തിന്റെ ക്ഷാളനം എന്നിൽ പൂർത്തിയാകണം.

പത്രോസ് സാക്ഷ്യപ്പെടുത്തുന്നുണ്ട്, 'ജനങ്ങൾ നിനക്ക് ചുറ്റു തിക്കികൂടുകയാണ്." അതായത്, ജനങ്ങൾ ക്രിസ്തുവിന് ചുറ്റുകൂടി അവനെ സ്പർശിച്ചുകൊണ്ടിരക്കുകയാണ്. എന്നിട്ടും, എന്നെ സ്പർശിച്ചത് ആരാണ് എന്ന് ചോദിക്കുന്നത് മണ്ടത്തരമാണെന്ന്. അവിടെ, ക്രിസ്തു കൂടുതൽ വ്യക്തമാക്കുകയാണ്, 'ആരാണ് എന്നെ വിശ്വാസത്തോട് കൂടി സ്പർശിച്ചതെന്ന്!" ചുറ്റും കൂടിയിരുന്നവർ ക്രിസ്തുവിനെ സ്പർശിച്ചു. ആർക്കും ഒരു മാറ്റവും സംഭവിച്ചില്ല. സ്പർശിച്ചവർ സപ്ർശനത്തിന്റെ സുഖം മാത്രം അനുഭവിച്ചു. ചിലർ, തങ്ങൾ ക്രിസ്തുവിനെ സ്പർശിച്ചു എന്ന് പറഞ്ഞ് അഭിമാനിച്ചു. അവർക്കാർക്കും സൗഖ്യം സ്വന്തമാക്കൻ സാധിച്ചില്ല. അപ്പോഴാണണ് ജനകൂട്ടത്തിനിടയിൽ നിന്ന് വിശ്വാസത്തോട് കൂടി രക്തസ്രാവക്കാരി സ്ത്രീ ക്രിസ്തുവിനെ സ്പർശിക്കുന്നത്. അവൾക്ക് ഉറപ്പായിരുന്നു, 'ഇത് ദൈവപുത്രനാണ്. എനിക്ക് സൗഖ്യം സമ്മാനിക്കാൻ ഇവന് സാധിക്കും. ഇവന്റെ വസ്ത്രത്തിന്റെ വിളുമ്പിലെങ്കിലും സ്പർശിച്ചാൽ മതി. കാരണം, ഇവൻ വാക്കിലും, നിഴലിലും, ഉമിനീരിലും, സ്പർശനത്തിൽപ്പോലും സൗഖ്യം ഒളിപ്പിച്ച് വച്ചിട്ടുണ്ട്.' അവളുടെ ഈ വിശ്വാസം 'മലയെ മാറ്റാൻ പോകുന്നതായി

രുന്നു.' അത് അവൾക്ക് നീതിയായി ഭവിച്ചു.

"മകളെ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തോടെ പോവുക" (8,48). ഇതിൽ മൂന്ന് വാക്കുകൾ പ്രധാനപ്പെട്ടതാണ്, "വിശ്വാസം - രക്ഷ - സമാധാനം." ഇതിനെ രണ്ട് തരത്തിൽ വായിക്കാൻ ശ്രമിക്കാം. 1. നിന്റെ വിശ്വാസം നിന്നിലേയ്ക്ക് രക്ഷ കൊണ്ടുവന്നിരിക്കുന്നു. അതിനാൽ, എന്റെ സമാധാനം എന്നും നിന്റെ കൂടെയുണ്ടാകും. 2. നീ സമാധാനത്തിൽ വസിക്ക്. കാരണം, നിന്റെ വിശ്വാസം നിന്നിലേയ്ക്ക രക്ഷ കൊണ്ടുവന്നിരിക്കുന്നു. എങ്ങനെയൊക്കെ കൂട്ടിയാലും കുറച്ചാലും സമാധാനത്തിന്റെ അടിസ്ഥാനം വിശ്വാസം തന്നെയാണ്.

147 - ാം സങ്കീർത്തനത്തിൽ നാം ഇപ്രകാരം വായിക്കുന്നുണ്ട്, "അവിടുന്ന് ഹൃദയം തകർന്നവരെ സൗഖ്യപ്പെടുത്തുകയും, അവരുടെ മുറിവുകൾ വച്ചുകെട്ടുകയും ചെയ്യുന്നു." ദൈവത്തിന്റെ ഈ കരുണയാണ് രക്തസ്രാവക്കാരി സ്ത്രീ അനുഭവിച്ചറിയുന്നത്. ഒരായുസുകൊണ്ട് അനുഭവിക്കാവുന്ന മുഴുവൻ വേദനകളും നൊമ്പരങ്ങളും അനുഭവിച്ചറിഞ്ഞവളാണ് അവൾ. സമാധാനം അധരത്തിലും ഹൃദയത്തിലും ഇല്ലാത്തവളായിരുന്നു അവൾ. തന്റെ കഷ്ടതയിൽ നിന്ന് കരയേറാൻ തന്റെ സമ്പാദ്യം മുഴുവൻ വിറ്റ് ചികിത്സ തേടിയിരുന്നവളാണ് അവൾ. എന്നിട്ടും, സൗഖ്യം സ്വന്തമാക്കാൻ സാധിച്ചില്ല. ജീവിതം നിരാശയിലേയ്ക്ക് കൂപ്പുകുത്തിയവൾ. അവിടെയാണ്, കർത്താവ് അവളുടെ വിശ്വാസത്തെ മുൻനിർത്തി സൗഖ്യവും സമാധാനവും സമ്മാനിക്കുന്നത്.

> പന്ത്രണ്ട് വർഷമായി രക്തസ്രാവത്താൽ കഷ്ടപ്പെടുന്ന സ്ത്രീക്കും പന്ത്രണ്ട് വയസ്സുള്ള കുഞ്ഞിനും സൗഖ്യം സമ്മാനിക്കുന്ന ക്രിസ്തു... രണ്ട്പേർക്കും സൗഖ്യം സമ്മാനിക്കുന്നതിന്റെ അളവുകോൽ 'വിശ്വാസ'മാണ്... എനിക്ക് ക്രിസ്തുവിൽ നിന്ന് സൗഖ്യം സ്വന്തമാക്കാനുള്ള അളവുകോലും വിശ്വാസം തന്നെയാണ്...

യഹൂദപാരമ്പര്യത്തിൽ രക്തസ്രാവം അശുദ്ധമാണ്. ലേവ്യരുടെ പുസ്തകത്തിൽ, കർത്താവ്, കൃത്യമായി ഇത് പറഞ്ഞ് വയ്ക്കുന്നുണ്ട് (ലേവ്യർ 15,25 - 27). രക്തസ്രാവം ഉള്ളവരെ സ്പർശിക്കുന്നവർ മാത്രമല്ല, രക്തസ്രാവം ഉള്ളവർ സ്പർശിക്കുന്നവരും, അവർ സ്പർശിച്ച വസ്തുക്കളെ സ്പർശിക്കുന്നവർപ്പോലും അശുദ്ധരാകുമായിരുന്നു. ഇത് ഒഴിവാക്കാനുള്ള ഏക പോംവഴി ഇത്തരക്കാരെ സമൂഹത്തിൽ നിന്ന് മാറ്റിനിർത്തുക എന്നതുമാത്രമാണ്. എങ്കിൽ, നീണ്ട 12 വർഷമായി ഒറ്റപ്പെടലിന്റെ നൊമ്പരമനുഭവിക്കുന്നവളാണ് കഥാപാത്രമായ രക്തസ്രാവക്കാരി സ്ത്രീ. നാട്ടിലും വീട്ടിലും ഒറ്റപ്പെട്ടവളാണ് രക്തസ്രാവക്കാരി സ്ത്രീ. ഭർത്താവിനോടോ കുഞ്ഞുങ്ങളോടൊ കൂട്ടുകൂടാൻ സാധിക്കാത്തവൾ. ദാനമായിപ്പോലും ഒന്നും ആർക്കും നൽകാൻ സാധിക്കാത്തവൾ. കുടുംബാഗംങ്ങൾക്ക് വേണ്ടി ഒന്നും ചെയ്യാൻ സാധിക്കാത്തവൾ. സിനഗോഗിൽ പ്രാർത്ഥനയ്ക്കോ മറ്റ് ഭക്താനുഷ്ടാനങ്ങൾക്കോ അനുവാദമില്ലാത്തവൾ. അവളാണ് കർത്താവിന്റെ കരുണ അനുഭവിച്ചറിയുന്നത്. എല്ലാവരും കർത്താവിനെ സ്പർശിച്ചപ്പോൾ അവൾ മാത്രം കർത്താവിനെ വിശ്വാസത്തോടുകൂടി സ്പർശിച്ചു. ഇത് അവൾക്ക് രക്ഷയ്ക്കും സമാധാനത്തിനും സൗഖ്യത്തിനും കാരണമായി.

മർക്കോസ് സുവിശേഷകൻ സാക്ഷ്യപ്പെടുത്തുന്നത്, "12 വർഷമായി പല വൈദ്യൻമാർ മാറിമാറി ചികിത്സിച്ചിട്ടും അവളുടെ രോഗം ഭേദമായില്ലെന്നുമാത്രമല്ല സ്ഥിതി കൂടുതൽ വഷളാവുകയാണ് ഉണ്ടായത് " (മർക്കോ 5,21 - 43). പന്ത്രണ്ട് വർഷമായി മാറാവ്യാധിക്ക് അടിമയായിട്ടും അവളുടെ വിശ്വാസം ക്ഷയിച്ചിരുന്നില്ല. പുറത്ത് പറയാൻ പറ്റുന്ന അസുഖമല്ലായിരുന്നു ഇത്. അതുകൊണ്ട് തന്നെ അവൾ അവൾ അനുഭവിച്ചുരുന്ന ശാരീരിക വ്യാധിയെക്കാൾ ഭീകരമായിരുന്നു മാനസീകവ്യഥ. എന്നിട്ടും, അവൾ തന്റെ വിശ്വാസത്തെ മുറുകെപിടിച്ച് തന്റെ ജീവിതത്തെ ദൈവതിരുമുമ്പിലെത്തിച്ചു. പന്ത്രണ്ട് വർഷം പോയിട്ട് പന്ത്രണ്ട് ദിവസം പോലും പിടിച്ച് നിൽക്കാൻ സാധിക്കാതെ ജീവിതം ഒരു ചാൺ ചരടിൽ അവസാനിപ്പിക്കുന്നവർ കൂടി വരുന്ന ഈ കാലാത്ത് രക്തസ്രാവക്കാരി സ്ത്രീയുടെ ജീവിതം അത്ഭുതാവഹം തന്നെ! ജീവിതത്തെ മുന്നോട്ട് നയിക്കുന്നത് വിശ്വാസം തന്നെയാണ്. വിശ്വാസം നഷ്ടപ്പെടുന്നിടത്ത് പ്രത്യാശ നശിക്കും. പ്രത്യാശ

നഷ്ടപ്പെടുന്ന ജീവിതങ്ങൾ യൂദാസിനെപ്പോലെ അവസാനിക്കും.

രണ്ടായിരാമാണ്ടിൽ റോമൻ കൂരിയായെ ധ്യാനിപ്പിക്കാൻ വന്നത് നീണ്ട പതിമൂന്ന് വർഷക്കാലം കമ്യൂണിസ്റ്റ് ഭരണത്തിന്റെ അധിനിവേശത്താൽ ഏകാന്ത തടവിന് വിധിക്കപ്പെട്ടിരുന്ന വാൻ ത്വവാൻ എന്ന മെത്രാനായിരുന്നു. കുശലന്വേഷണത്തിനിടെ മാർപ്പാപ്പ മെത്രാനോട് ചോദിച്ചു, "താങ്കൾ എന്തിനെകുറിച്ചാണ് ഞങ്ങളോട് പങ്കുവയ്ക്കാൻ പോകുന്നത്?" അതിന് മറുപടി എന്നവണ്ണം മെത്രാൻ തന്റെ ഇരു കരങ്ങളും മാർപ്പാപ്പയ്ക്ക് മുമ്പിൽ ഉയർത്തി കാണിച്ചിട്ട് പറഞ്ഞു, "നീണ്ട പതിമൂന്ന് വർഷക്കാലം കമ്യൂണിസ്റ് ഭരണത്തിന്റെ ഏകാന്ത തടവിന് ഞാൻ വിധിക്കപ്പെട്ടപ്പോഴും, പ്രത്യാശയോടെ വലതുകൈകുമ്പിളിൽ മൂന്നുതുള്ളി വീഞ്ഞും ഇടതുകൈയിൽ ഏതാനും അപ്പത്തിന്റെ തരികളും വച്ച് ഞാൻ കുർബ്ബാന അർപ്പിച്ചു. അപ്പോഴൊക്കെ ക്രിസ്തുവിനോട് എന്നെ ചേർത്തുനിർത്തിയത് എന്റെ വിശ്വാസമാണ്. ആ വിശ്വാസത്തെയല്ലാതെ മറ്റെന്തിനെകുറിച്ചാണ് ഞാൻ പ്രഘോഷിക്കുക!" ഈ വിശ്വാസം തന്നെയാണ് രക്തസ്രാവക്കാരി സ്ത്രീക്ക് രക്ഷയായ് ഭവിച്ചതും.

അവിശ്വാസി= അയ്യാൾക്കും ദൈവത്തിനുമിടയിൽ ജീവിതപ്രശ്നങ്ങൾ എടുത്തുവയ്ക്കുന്നവൻ. വിശ്വാസി= അയ്യാൾക്കും ജീവിതപ്രശ്നങ്ങൾക്കുമിടയിൽ ദൈവത്തെ എടുത്തുവയ്ക്കുന്നവൻ. ദൈവത്തെ എടുത്ത് വയ്ക്കുന്ന സ്ഥലമാണ് പ്രധാനപ്പെട്ടത്!

ഈ വചനഭാഗം നമ്മെ ഓർമ്മപ്പെടുത്തുന്ന മറ്റൊരു നന്മ, "മഹാവൈദ്യന്റെ വാതിൽ തുറന്ന് കിടക്കുമ്പോൾ മുറിവൈദ്യന്റെ വാതിൽക്കൽ മുട്ടരുത്" എന്നതും കൂടിയാണ്. നീണ്ട പന്ത്രണ്ട് വർഷം രക്തസ്രാവത്താൽ കഷ്ടപ്പെട്ടിരുന്നവൾ നാഥന്റെ ചാരെ അണയാൻ എന്തേ ഇത്രക്കാലം വൈകി? നീണ്ട പന്ത്രണ്ട് വർഷം ചികിത്സ ചെയ്ത് കൈയിലുണ്ടായതെല്ലാം നഷ്ടപ്പെടുത്തി രോഗം മൂർച്ചിച്ചപ്പോൾ മാത്രമാണ് അവൾ നാഥനെ തിരിച്ചറിഞ്ഞത്. നമ്മളും ഇതുപോലെ തന്നെയല്ലേ? എല്ലാ ശരണവും, കച്ചിതുരുമ്പും നഷ്ടപ്പെടുമ്പോൾ മാത്രം ദൈവത്തെ തേടുന്നവരാണോ നമ്മൾ? മരുന്നിനൊപ്പം കർത്താവിന്റെ സാന്നിദ്ധ്യവും ഉറപ്പു വരുത്തിയിരുന്നെങ്കിൽ അവൾക്ക് പണ്ടെ രക്ഷപ്പെടാമായിരുന്നു.

"ആൾകൂട്ടത്തിനിടയിൽ ആവശ്യക്കാരെ തിരിച്ചറിയുന്ന ക്രിസ്തു" എനിക്ക് മാതൃകാപരമാണ്. അവനറിയാമായിരുന്നു, ജനങ്ങൾ എന്നെ തിക്കിതിരക്കുന്നുണ്ടെങ്കിലും എന്നെ ആവശ്യമുള്ളത് രക്തസ്രാവക്കാരി സ്ത്രീക്കാണെന്ന്. ഇത് തിരിച്ചറിഞ്ഞ ക്രിസ്തു അവൾക്ക് സൗഖ്യവും രക്ഷയും സമാധാനവും സമ്മാനിക്കുന്നു. നമുക്കും ക്രിസ്തുവിനെപ്പോലെയാകാം. ജനകൂട്ടത്തിനിടയിലും നമ്മളെ തേടുന്ന നിലവിളികൾ തിരിച്ചറിയാൻ പരിശ്രമിക്കാം. തിരിച്ചറിഞ്ഞ നിലവിളിക്ക് സൗഖ്യവും സമ്മാനിക്കാം.

രക്തസ്രാവക്കാരി സ്ത്രീ സമ്മാനിക്കുന്ന ഏറ്റവും വലിയ പാഠം എന്താണെന്ന ചോദിച്ചാൽ ഞാൻ പറയും, "ക്രിസ്തു നിന്നെ സ്പർശിക്കാൻ മറന്നാലും, സൗഖ്യം സമ്മാനിക്കാൻ മറന്നാലും, ക്രിസ്തുവിനെ നീ സ്പർശിക്കുന്നുണ്ടെങ്കിൽ നിനക്ക് സൗഖ്യം സ്വന്തമാക്കാം." നമുക്ക് ക്രിസ്തുവിനെ സ്പർശിക്കുന്നവരാകാം... അവനെ സ്പർശിക്കുന്നതിലൂടെ സൗഖ്യം സ്വന്തമാക്കാം...

---

ഫാ. ജോബി മേനോത്ത്